"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കോവിഡ് ബാധിച്ച് 2020 ഒക്ടോബർ 14ന് മരണപ്പെട്ട ,സ്വന്തമായി സ്ഥലവും വീടുമില്ലാത്ത ശ്രീ.ടുട്ടുവിന്റെ ഭാര്യ ശ്രീമതി. ഷീബയ്ക്കും കുടുംബത്തിനും ലൈഫ് മിഷൻ പദ്ധതിയിൽ മുൻഗണനാ ക്രമത്തിൽ വീട്/ഫ്ളാറ്റ് അനുവദിക്കുന്നതിന് അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1602/2021/ത.സ്വ.ഭ.വ  തീയതി,തിരുവനന്തപുരം, 24/08/2021

---

പരാമർശം:-

1. കാട്ടാക്കട തഹസിൽദാരുടെ 06/07/2021 തീയതിയിലെ എഫ്3/11260/21 നമ്പർ കത്ത്.
2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 06/07/2021 തീയതിയിലെ എ5/E-339915/2021 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിൽ ശാസ്തമംഗലം വില്ലേജ് പരിധിയിലെ പഴയാറ്റിൻകുഴി, ഇടപ്പഴഞ്ഞി, ശാസ്തമംഗലം.പി.ഒ.യിൽ താമസിച്ചുവരവെ ഓട്ടോറിക്ഷാ തൊഴിലാളിയായ ശ്രീ. ടുട്ടു കോവിഡ് ബാധിച്ച് 2020 ഒക്ടോബർ 14ന് മരണപ്പെടുകയുണ്ടായി. അദ്ദേഹത്തിന്റെ ആശ്രിതരായി ഭാര്യ ഷീബയും നാല് പെൺമക്കളുമുണ്ട്. മൂത്തമകൾ തിരുമല AMHSS-ൽ നിന്നും പത്താം ക്ലാസ് പരീക്ഷ എഴുതിയിട്ടുണ്ട്. മറ്റു മൂന്നു കുട്ടികൾ തിരുവനന്തപുരം ഗവൺമെന്റ് കോട്ടൺഹിൽ സ്കൂളിൽ 8,6,3 ക്ലാസുകളിലായി പഠിക്കുന്നു. ടുട്ടുവിന്റെ മരണത്തിനുമുമ്പ് മൂന്നര സെന്റ് വസ്തുവിലെ വീട്ടിലാണ് കുടുംബം താമസിച്ചിരുന്നത്. ടുട്ടുവിന്റെ പിതാവ് കേന്ദ്രസർക്കാർ സർവ്വീസിലിരിക്കെ മരണപ്പെട്ടതായും ആശ്രിതനിയമനം ശ്രീ. ടുട്ടുവിന്റെ സഹോദരിക്ക് നൽകുകയും പകരം വീടും സ്ഥലവും ശ്രീ. ടുട്ടുവിന് നൽകാമെന്ന് വാക്കാൽ യോജിപ്പിലെത്തിയിരുന്നുവെങ്കിലും പിന്നീട് ഇത് നടപ്പായില്ല എന്നും നിലവിൽ താമസിക്കാൻ വീടില്ലാത്ത സാഹചര്യത്തിൽ ശ്രീമതി. ഷീബയും കുട്ടികളും അവരുടെ സഹോദരൻ ശ്രീ. ദിലീപിന്റെ വാടക വീട്ടിൽ കഴിഞ്ഞുവരികയാണെന്നും നിലവിൽ വീട്ട് ജോലിയ്ക്ക് പോകുന്ന ശ്രീമതി. ഷീബയ്ക്കും കുടുംബത്തിനും സ്വന്തമായി വീടോ സ്ഥലമോ ഇല്ല എന്നും ശ്രീമതി ഷീബയ്ക്കും കുടുംബത്തിനും ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വീട് അനുവദിച്ച് ഉത്തരവാകണമെന്നും പരാമർശം (2) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്യുകയുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സ്വന്തമായി സ്ഥലവും വീടുമില്ലാത്ത ശ്രീമതി. ഷീബക്കും കുടുംബത്തിനും ലൈഫ് മിഷൻ പദ്ധതിയിൽ മുൻഗണനാ ക്രമത്തിൽ വീട്/ഫ്ളാറ്റ് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സൗരഭ് ജെയിൻ
സെക്രട്ടറി

മേയർ, തിരുവനന്തപുരം കോർപ്പറേഷൻ
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം.
തഹസീൽദാർ, കാട്ടാക്കട.
ശ്രീ. ഷീബ,പഴയാറ്റിൻകുഴി, ശാസ്തമംഗലം വില്ലേജ്, ഇടപ്പഴഞ്ഞി.
പൊതുഭരണ (എസ്.സി) വകുപ്പ്(മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പ് തീയതി 08/07/2021 ഇനം. നം. 107/O.A.)
ധനകാര്യവകുപ്പ്( ഡെവ-5/127/2021-ധന(E 1801411) നമ്പർ പ്രകാരം)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Reenamma P A
Date: 25-08-2021 12:51:04
Reason: Approved

സെക്ഷൻ ഓഫീസർ